"ഭരണഭാഷ – മാതൃഭാഷ"

നടപടി ഉത്തരവ്
ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയം, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ,
തിരുവനന്തപുരം – 09
(സുരേന്ദ്രലാൽ എ.പി)

വിഷയം: ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് – തിരുവനന്തപുരം- ജീവനക്കാര്യം – ശ്രീ.രഘുലാൽ, സീമാൻ - സ്ഥലം മാറ്റം സംബന്ധിച്ച്.

പരാമർശം : 1) ശ്രീ.ടി എച്ച് രഘുലാൽ, സീമാന്റെ അമ്മയായ ശ്രീമതി പുഷ്പാവതി കേരള നിയമസഭാ മെമ്പറായ ഇ.ടി ടൈസൺ മുഖേന സമർപ്പിച്ച അപേക്ഷ
2) കൊടുങ്ങല്ലൂർ അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ 22/10/2018-ലെ 327/16 നമ്പർ കത്ത്

******

**ഉത്തരവ് നം. എ1-408/18/സി.എച്ച് തീയതി 29/10/2018**

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിൽ സീമാനായി സേവനമനുഷ്ടിച്ചുവരുന്ന ശ്രീ.ടി എച്ച് രഘുലാൽ-ന്റെ അമ്മ താൻ കാൻസർ രോഗിയായതിനാൽ മകന്റെ സംരക്ഷണം ലഭിക്കുന്നതിനായി തന്റെ മകനായ ശ്രീ.ടി എച്ച് രഘുലാലിന് കോട്ടപ്പുറത്തുള്ള അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ ഒരു സ്ഥലം മാറ്റം നൽകണമെന്ന് പരാമർശം പ്രകാരം അപേക്ഷിക്കുകയുണ്ടായി.

കൊടുങ്ങല്ലൂർ അസിസ്റ്റന്റ് മറൈൻ സർവേയർ ഓഫീസിലെ സീമാനായ ശ്രീ.ഗിരീശൻ കെ തലശ്ശേരി ജുഡീഷ്യൽ ഡിസ്ട്രിക്ടിൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിച്ചതിനാൽ 22/10/2018 AN-ന് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ നിന്നും വിടുതൽ വാങ്ങിപ്പോയതിനാൽ 23/10/2018 മുതൽ കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ ഒരു സീമാന്റെ ഒഴിവ് വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബേപ്പൂർ,മറൈൻ സർവ്വേയർ ഓഫീസിലെ സീമാനായ ശ്രീ.ടി എച്ച് രഘുലാൽ-നെ ടിയാന്റെ അമ്മയുടെ അപേക്ഷ പരിഗണിച്ച് കോട്ടപ്പുറാം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ചീഫ് ഹൈഡ്രോഗ്രാഫർ

പകർപ്പ്: 1. ശ്രീ. ടി എച്ച് രഘുലാൽ, സീമാൻ (മറൈൻ സർവ്വേയർ ബേപ്പൂർ മുഖാന്തിരം)
2. മറൈൻ സർവ്വേയർ, ബേപ്പൂർ
3. അസിസ്റ്റന്റ് മറൈൻ സർവ്വേയർ, കോട്ടപ്പുറം3
4. ശ്രീമതി. മഞ്ജുള, ഫീൽഡ് അസിസ്റ്റന്റ് (വെബ് സൈറ്റിൽ ഉ ൾപ്പെടുത്തുന്നതിന്)